കേരള സർക്കാർ

എഫ് 2/96/2016/തൊഴിൽ.

തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്,
തിരുവനന്തപുരം, തീയതി: 23 .03.2017.

പ്രേഷിതൻ

അഡീഷണൽ ചീഫ് സെക്രട്ടറി.

സ്വീകർത്താവ്

ഡയറക്ടർ
ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്
തിരുവനന്തപുരം

മാഡം,

വിഷയം - തൊ.നൈ.വ- ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് -1 ന്റെ അതേ ശമ്പള സ്കെയിലിൽ നഴ്സിംഗ് അസിസ്റ്റന്റായി സ്ഥാനക്കയറ്റം നല്കിയവർക്ക് 15 വർഷത്തെ സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കുന്നത് -സംബന്ധിച്ച്

സൂചന:- താങ്കളുടെ 15.10.2016 ലെ ഇ 3/12690/2016/ഡി.ഐ.എം.എസ് നമ്പർ കത്ത്

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു.പത്താം ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് II തസ്തികയുടെ ശമ്പള സ്കെയിൽ 16500-35700 ആണ്. ഉടർ പ്രൊമോഷൻ തസ്തികകളായ ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-I ന്റെയും നഴ്സിംഗ് അസിസ്റ്റന്റെയും ശമ്പള സ്കെയിലുകൾ 17000-37500 ആയതിനാൽ ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് I ൽ നിന്നും നഴ്സിങ്ങ് അസിസ്റ്റന്റ് ആയി പ്രൊമോഷൻ ലഭിക്കുന്നവർക്ക് ഒരു അഡ്വാൻസ് ഇൻക്രിമെന്റ് അനുവദിക്കാവുന്നതാണ്. 15 വർഷത്തിനകം നഴ്സിങ്ങ് അസ്സിസ്റ്റന്റായി സ്ഥാനക്കയറ്റം ലഭിക്കാത്തവർക്ക് 15 വർഷത്തെ രണ്ടാം സമയ ബന്ധിത ഹയർഗ്രേഡ് 17500-39500 ശമ്പള സ്കെയിലിൽ KSR Rule 28 (A) ശമ്പള നിർണ്ണയ ആനുകൂല്യത്തോടെ പത്താം ശമ്പള പരിഷ്കരണ ഉത്തരവിലെ അനുബന്ധം III പട്ടിക I പ്രകാരം അനുവദിച്ച് നൽകാവുന്നതാണ്. 15 വർഷം സർവീസ് പൂർത്തിയാക്കുന്നതിന് മുൻപ് നഴ്സിങ്ങ് അസിസ്റ്റന്റ് ആയി പ്രൊമോഷൻ നേടി 17000-37500 ശമ്പള സ്കെയിലിൽ തുടരുന്നവർക്ക് 15 വർഷ യോഗ്യതാ സേവനം പൂർത്തിയാക്കുമ്പോൾ അഡ്വാൻസ് ഇൻക്രിമെന്റ് അനുവദിച്ചില്ല എന്നു കണക്കാക്കി വാർഷിക ഇൻക്രിമെന്റുകൾ സാങ്കൽപ്പികമായി അനുവദിച്ച് 17500-39500 ശമ്പള സ്കെയിൽ 28(A) നിർണ്ണയ അനുകൂല്യത്തോടെ ശമ്പളം പുന:ക്രമീകരിക്കാവുന്നതാണ്.

മുൻ ഖണ്ഡികയിൽ പ്രതിപാദിച്ച പ്രകാരം നഴ്സിംഗ് അസിസ്റ്റന്റുമാരുടെ ശമ്പളം ക്രമീകരിക്കുമ്പോൾ നേരത്തെ അനുവദിച്ച അഡ്വാൻസ് ഇൻക്രിമെന്റ് ശമ്പളത്തിൽനിന്നും തട്ടിക്കിഴിക്കേണ്ടതില്ല. മാത്രവുമല്ല 15 വർഷത്തെ സമയ ബന്ധിത ഹയർ ഗ്രേഡ് 18000-41500 എന്ന ശമ്പള സ്കെയിലിൽ അനുവദിക്കാൻ കഴിയുകയുമില്ല. ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിൽ ആർക്കെങ്കിലും 18000-41500 രൂപ ശമ്പളസ്കെയിൽ രണ്ടാമത്തെ സമയബന്ധിത ഹയർഗ്രേഡ് സ്കെയിലായി അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതും പുനഃപരിശോധിച്ച് ക്രമപ്പെടുത്തേണ്ടതാണ്.

വിശ്വസ്തതയോടെ
പ്രീത.കെ.എസ്
അണ്ടർസെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

**Endt. on No. E5-12690/2016/DIMS Dtd. 30.03.2017**

Copy of the letter is communicated for favour of necessary action.

fit. Director of Insurance Medical Services

To

1. The Regional Deputy Director, South Zone, Kollam/ Central Zone, Ernakulam/North Zone, Kozhikode
2. The Superintendent, ESI Hospital, Alappuzha
3. The Insurance Medical Officer, ESI Dispensary, Chathannur/Cherthala
4. The Audit Superintendent